## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2646 11/10/2011 ൽ മറുപടിയ്ക്ക്

## പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി

ചോദ്യം | മറുപടി

ശ്രീ. ബി. സത്യൻ

ശ്രീ. എ.പി. അനിൽകുമാർ
(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും
വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്ന പദ്ധതിയ്ക്കായി 2011-12 സാമ്പത്തിക വർഷത്തിൽ എത്ര തുക നീക്കിവച്ചു; അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | (എ) | കേരള സംസ്ഥാനത്തിലെ സർക്കാർ/എയിഡഡ് സ്കൂളുകളിൽ എട്ടാം തരത്തിൽ പഠിയ്ക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കോർപ്പസ് ഫണ്ടിൽ നിന്നും യഥാക്രമം 15.125 കോടി രൂപയും, 1,71,16,000/- രൂപയും നീക്കി വെച്ചിട്ടുണ്ട്. സൈക്കിളും അനുബന്ധ സാമഗ്രികളും നേരിട്ട് വാങ്ങുന്നതിനായി വിദ്യാർത്ഥികൾക്ക് 3,000/- രൂപ ഗ്രാന്റായി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഉത്ഘാടനം, വയനാട് ജില്ലയിലെ പനമരം ഗവ.ഹയർസെക്കന്ററി സ്കൂളിൽ വെച്ച് നിർവ്വഹിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്; | (ബി) | പ്രസ്തുത പദ്ധതി സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിലുൾപ്പെട്ടതിനാലും സമയബന്ധിതമായി ചെയ്യേണ്ടതിനാലും ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ സമയം ലഭിക്കാത്തതിനാൽ സ്വീകരിച്ച ടെണ്ടറുകൾ റദ്ദുചെയ്തുകൊണ്ട് ഉത്തരവാകുകയും വിദ്യാർത്ഥികൾക്ക് സൈക്കിളും അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനായി 3,000/- രൂപ ഗ്രാന്റായി അനുവദിച്ച് ഉത്തരവാകുകയും ഇതനുസരിച്ച് ഓരോ ജില്ലയ്ക്കും ആവശ്യമായ ഫണ്ടും ഭരണാനുമതിയും നല്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | എത്ര കമ്പനികൾ സൈക്കിൾ നൽകാൻ തുക ക്വാട്ട് ചെയ്തു; എത് കമ്പനിക്കാണ് കരാർ നൽകിയത്; | (സി) | മൂന്ന് കമ്പനികൾ ടെണ്ടർ നടപടികളിൽ പങ്കെടുത്തു. ടെണ്ടർ നടപടികൾ റദ്ദ് ചെയ്തതിനാൽ സൈക്കിൾ വിതരണം ചെയ്യുന്നതിന് ഒരു കമ്പനിക്കും കരാർ നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | ടെണ്ടർ നടപടി സ്വീകരിച്ചതിനു ശേഷം നിലവിൽ ഹൈക്കോടതിയിൽ കേസ് ഉണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. ടെണ്ടർ നടപടികളിൽ പങ്കെടുത്ത ഒരു കമ്പനി ബഹു. കേരളാ ഹൈക്കോടതിയിൽ 25831/11 -ാം നമ്പരായി കേസ്സ് ഫയൽ ചെയ്യുകയും കോടതി കേസ്സ് ഫയലിൽ സ്വീകരിച്ച് പ്രസ്തുത പദ്ധതിയുടെ നടപടികൾ താത്കാലികമായി നിർത്തി വച്ചുകൊണ്ട് ഉത്തരവായിട്ടുമുണ്ട്. സ്റ്റേ നീക്കി കിട്ടുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ